# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1078** **20/01/2014-ൽ മറുപടിക്ക്**

**ഹർത്താൽ മൂലം നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2013-2014 അദ്ധ്യയന വർഷം നാളിതുവരെ എത്ര അദ്ധ്യയന ദിവസങ്ങൾ ഹർത്താൽ / മറ്റ് അപ്രതീക്ഷിത സംഭവങ്ങൾ എന്നിവ മൂലം നഷ്ടപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | ഹർത്താൽ / മറ്റ് അപ്രതീക്ഷിത സംഭവങ്ങൾ എന്നിവ മൂലം നഷ്ടമായ അദ്ധ്യയന ദിനങ്ങൾ ജില്ലകൾ തോറും വ്യത്യസ്തമാണ്. സംസ്ഥാനതലത്തിൽ വിവരം ശേഖരിച്ചു വരുന്നു. |
| (ബി) എങ്കിൽ നഷ്ടപ്പെട്ട പ്രസ്തുത അദ്ധ്യയന ദിവസങ്ങളിലെ നഷ്ടം നികത്താൻ പകരം എന്ത് സംവിധാനമാണ് സ്വീകരിച്ചത്; | (ബി) | പ്രവൃത്തി ദിവസങ്ങളിൽ അധികം ക്ലാസ്സുകൾ നടത്തി അദ്ധ്യയന ദിവസങ്ങളുടെ നഷ്ടം പരമാവധി നികത്താൻ അദ്ധ്യാപകർ ശ്രമിക്കുന്നുണ്ട്. പകരം സംവിധാനത്തിനായി നിർദ്ദേശം നൽകിയിട്ടില്ല. |
| (സി) ഞായറാഴ്ചകളിൽ ക്ലാസുകൾ നടത്തുന്നതിന് ഏതെങ്കിലും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) ഇല്ലെങ്കിൽ ചില സ്കൂളുകളിൽ അധ്യാപകർ പ്രവൃത്തി ദിവസം ലീവ് എടുക്കുകയും പകരം ഞായറാഴ്ചകളിൽ ക്ലാസുകൾ എടുക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരം സ്കൂളുകളെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഇ) | ബാധകമല്ല. |
| (എഫ്) | ഇതിനെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (എഫ്) | ബാധകമല്ല. |

Sreedevi

**സെക്ഷൻ ഓഫീസർ**